# ജില്ലാ ബാങ്ക് വാർത്ത

കാസർകോട് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

പുസ്തകം ഒന്ന് | ലക്കം പന്ത്രണ്ട് | മെയ് 2013


# ജില്ലാ സഹകരണ ബാങ്കിന്റെ 35 ശാഖകൾ കോർ ബാങ്കിങ് സംവിധാനത്തിൽ

**കാസർകോട് :** കാസർകോട് ജില്ലാ സഹകരണ ബാങ്കിൽ കോർ ബാങ്കിങ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അലമാപ്പള്ളി ശാഖ ഒഴികെയുള്ള 35 ശാഖകളിലെ ഇടപാടുകൾ പൂർണ്ണമായും പുതിയ സംവിധാനത്തിലേക്ക് (ഫിനാക്കിൾ) മാറി. അലാമിപ്പള്ളി ശാഖ ഉടൻ തന്നെ പുതിയ സംവിധാനത്തിലേക്ക് വരും.

ജില്ലയുടെ പ്രധാനസ്ഥലങ്ങളിലായി 36 ശാഖകളുള്ള ജില്ലാ സഹകരണ ബാങ്കിൽ കോർബാങ്കിങ് സംവിധാനം നിലവിൽ വന്നതോടെ സാധാരണക്കാർ ഉൾപ്പടെയുള്ള ഇടപാടുകാർക്ക് തങ്ങളുടെ പണമിടപാടുകൾ കൂടുതൽ എളുപ്പത്തിൽ നിറവേറ്റാൻ കഴിയും. ജില്ലാ സഹകരണ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖയിൽ അക്കൗണ്ടുള്ള ഒരാൾക്ക് ഇനിമുതൽ ഏത് ശാഖയിൽ നിന്നും സ്വന്തം അക്കൗണ്ടിലേക്ക് നേരിട്ടും ചെക്ക് മുഖേനയും പണം നിക്ഷേപിക്കാം. ഇതുപ്രകാരം ജില്ലാ സഹകരണ ബാങ്കിലെ മറ്റ് ഇടപാടുകാരുടെ അക്കൗണ്ടുകളിലേക്കും ഏത് ശാഖകൾ വഴിയും പണം നിക്ഷേപിക്കാൻ സാധിക്കും. സേവിംഗ്സ് ബാങ്ക്, കറണ്ട് അക്കൗണ്ട് ഉടമകൾക്ക് തങ്ങളുടെ അക്കൗണ്ടുകളിലെ ഇടപാട് സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനും സ്റ്റേറ്റ്മെന്റ് ലഭിക്കുന്നതിനും ഏത് ശാഖകളെയും സമീപിക്കാം.

കോർബാങ്കിങിന്റെ ഭാഗമായി നിലവിൽ നൽകിവരുന്ന ചെക്കുകൾക്ക് പകരം ഏത് ശാഖകളിൽ നിന്നും പണം പിൻവലിക്കാൻ കഴിയുന്ന പുതിയ ചെക്കുകൾ വിതരണം ചെയ്യും. ചെക്കുവിതരണം പൂർത്തിയാകുന്നതോടെ ജില്ലാ സഹകരണ ബാങ്കിൽ അക്കൗണ്ടുള്ള ഒരാൾക്ക് സ്വന്തം അക്കൗണ്ടിൽ നിന്നും ഏത് ശാഖകൾ വഴിയും പണം പിൻവലിക്കാൻ കഴിയുന്നവിധത്തിൽ സൗകര്യം ഏർപ്പെടുത്തും. ഇപ്പോൾ വായ്പാ അക്കൗണ്ടുകളിലേക്കും ക്ഷേമനിധി ഫണ്ടുകളിലേക്കും ഏത് ശാഖകൾ വഴിയും ഇടപാടുകാർക്ക് പണം അടക്കാൻ കഴിയും.

ഐ.എഫ്.എസ് കോഡുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളിലേക്കും വേഗത്തിൽ പണം അയക്കാനുള്ള ആർ.ടി.ജി.എസ് , എൻ.ഇ.എഫ്.ടി സൗകര്യം കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെ മുഴുവൻ ശാഖകളിലും നിലവിലുണ്ട്. കോർ ബാങ്കിങ് വരുന്നതോടെ ആർ.ടി.ജി.എസ് , എൻ.ഇ.എഫ്.ടി വഴിയുള്ള പണമിടപാട്, ഡി.ഡി എടുക്കൽ, ഡി.ഡി, ചെക്ക് എന്നിവയുടെ കലക്ഷൻ എന്നിവ കൂടുതൽ എളുപ്പമാകും.

ഇടപാടുകാർക്കെന്നപോലെ ബാങ്കിലെ ജീവനക്കാർക്കും കോർബാങ്കിങ് ഏറെ പ്രയോജനകരമാകും. ജോലിഭാരം കുറയുന്നതോടൊപ്പം ഇടപാടുകൾക്ക് വേണ്ടിവരുന്ന സമയനഷ്ടം കുറയ്ക്കാനും കോർബാങ്കിങ് വഴി സാധിക്കും. കോർ ബാങ്കിന്റെ തുടക്കമെന്ന നിലയിൽ കണക്ടിവിറ്റിയിലുണ്ടാകുന്ന തടസ്സങ്ങൾ കാരണം ഇടപാടുകൾക്ക് കാലതാമസം നേരിടാൻ സാധ്യതയുള്ളതിനാൽ എല്ലാ ഇടപാടുകാരും സഹകരിക്കണമെന്ന് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ അറിയിച്ചു.

## കെ വെളുത്തമ്പു സംസ്ഥാന സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ്

**തിരുവനന്തപുരം:** കാസർകോട് ജില്ലാ സഹകരണ ബാങ്ക് ഡയറക്ടറും തൃക്കരിപ്പൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് മുൻ പ്രസിഡന്റുമായ കെ വെളുത്തമ്പുവിനെ കേരള സംസ്ഥാന സഹകരണ ബാങ്ക് വൈസ് പ്രസിഡന്റായി തെരഞ്ഞെടുത്തു. തിരുവനന്തപുരത്ത് ചേർന്ന സംസ്ഥാന സഹകരണ ബാങ്ക് ഭരണസമിതി യോഗമാണ് കെ വെളുത്തമ്പുവിനെ വൈസ് പ്രസിഡന്റായി തെരഞ്ഞെടുത്തത്. തൃക്കരിപ്പൂർസ്വദേശിയായ വെളുത്തമ്പു മുൻ ഡി.സി.സി പ്രസിഡന്റാണ്.



കെ വെളുത്തമ്പു

## എഡിറ്റോറിയൽ

### സഹകരണ മേഖല -
### കേരളീയ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല്

**കേ**രളീയ സമ്പദ്ഘടനയുടെ നട്ടെല്ലാണ് സഹകരണ മേഖല. കർഷകരും കർഷക തൊഴിലാളികളും ഉൾക്കൊള്ളുന്ന സാധാരണക്കാർ ഉൾപ്പടെ സമൂഹത്തിലെ ബഹുഭൂരിഭാഗവും തങ്ങളുടെ വായ്പാ ആവശ്യങ്ങൾക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് സഹകരണ മേഖലയെയാണെന്നത് മാത്രം മതി സഹകരണ മേഖലയുടെ ജനാഭിമുഖ്യം മനസ്സിലാക്കാൻ. കേവലം വായ്പകളുടേയും നിക്ഷേപങ്ങളുടേയും ഇടപാടുകൾക്കപ്പുറത്ത് നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകി, കൊപ്രസംഭരണവും നെല്ല് സംഭരണവും നടപ്പിലാക്കി, പരമ്പരാഗത മേഖലകളുടെ ഉന്നമനത്തിന് കൈത്താങ്ങായി, വിദ്യാഭ്യാസ- ആരോഗ്യ മേഖലകളിലെ സ്വാശ്രയ ചൂഷണങ്ങൾക്കെതിരെ ബദൽ സംവിധാനങ്ങൾ സ്ഥാപിച്ച് ... സർവ്വ മേഖലകളിലും വ്യാപിച്ചുകിടക്കുകയാണ് ഇന്ന് സഹകരണ പ്രസ്ഥാനങ്ങൾ.

ഗ്രാമീണ കാർഷിക മേഖലയുടെ വികസന പ്രക്രിയക്ക് ഊന്നൽ നൽകി കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക മേഖലകളിൽ കരുത്തുറ്റ ശക്തിയായി വളർന്നുകഴിഞ്ഞ സഹകരണ മേഖലയെ തകർക്കാനുള്ള ശ്രമം തുടങ്ങിയിട്ട് നാളുകളേറെയായി. ഇതിന്റെ ഭാഗമെന്നോണം കാർഷിക വായ്പാ വിതരണം എ.ടി.എം വഴി ആക്കുക എന്നതുൾപ്പെടെ സഹകരണമേഖലയെ സാരമായി ബാധിക്കുന്ന ചില തീരുമാനങ്ങൾ ഉന്നത അധികാരകേന്ദ്രങ്ങളിൽ നിന്നും അടുത്തകാലത്തായി പുറത്തുവന്നുകഴിഞ്ഞു. പ്രൊഫഷണലിസത്തിന്റെ ഭാഗമായ കമ്പ്യൂട്ടർ വൽക്കരണവും കോർബാങ്കിങ്, എ.ടി.എം തുടങ്ങിയവ അത്യന്തം ആവശ്യവും സ്വാഗതാർഹവുമാണ്. എന്നാൽ ലക്ഷോപലക്ഷം സാധാരണക്കാരുടെ ദൈനംദിന ഇടപാടുകൾ നടത്തുന്ന സഹകരണ മേഖലയ്ക്ക് പുതിയമാറ്റങ്ങളിലേക്ക് ചുവട് മാറ്റാൻ സമയം പോലും നൽകാതെ ആധുനിക സംവിധാനങ്ങൾ നിർബന്ധമാക്കാനുള്ള നീക്കം അപകടകരമാണ്.

കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകൾ കോർബാങ്കിങ് സംവിധാനത്തിലേക്ക് മാറിവരുന്നതേയുള്ളൂ. പ്രാഥമിക സഹകരണ ബാങ്കുകൾ കോർബാങ്കിങ്ങിലേക്ക് വന്നിട്ടുമില്ല. ഈ സാഹചര്യത്തിൽ എ.ടി.എം ഉൾപ്പടെയുള്ള നൂതന സൗകര്യങ്ങൾ ഏർപ്പെടുത്താൻ സമയം നൽകാതെ കാർഷിക വായ്പാ വിതരണത്തിലടക്കം പുതിയ നിബന്ധനകൾ ഏർപ്പെടുത്തുന്നത് സഹകരണമേഖല തകരാനും പുത്തൻ പണമിടപാട് സ്ഥാപനങ്ങളുടെ കെണിയിൽ പെട്ട് സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുരിതത്തിലാകാനും മാത്രമേ ഉപകരിക്കൂ.

# സഹകരണ ബാങ്കുകളിലെ ഓഹരി വായ്പാ അനുപാതം വർദ്ധിപ്പിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ഓഹരി വായ്പാ അനുപാതം രണ്ട് ശതമാനമായി വർദ്ധിപ്പിച്ചു. സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പകളിൽ നിന്ന് ഓഹരി മൂലധനമായി സ്വീകരിക്കുന്ന തുകയാണ് വർദ്ധിപ്പിച്ചത്. ഇതുപ്രകാരം ജില്ലാ സഹകരണ ബാങ്കുകൾ അംഗ സംഘങ്ങൾക്ക് നൽകുന്ന എല്ലാതരം വായ്പകൾക്കുമുള്ള ഓഹരി അനുപാതം ഒരുശതമാനം എന്നത് രണ്ട് ശതമാനമാകും.

നിലവിൽ ഒരുലക്ഷം രൂപയ്ക്ക് 1000 രൂപ എന്നത് ഇനിമുതൽ രണ്ടായിരം രൂപയാകും. ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പടെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിലുള്ള സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഓഹരി വായ്പാ അനുപാതം കൂട്ടിയത്. സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തത 31.03.2013 ന് 4 ശതമാനവും 31.03.2014 ന് 7 ശതമാനവുമായി വർധിപ്പിക്കണമെന്ന് റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്നായി അംഗങ്ങളിൽ നിന്നോ സർക്കാരിൽ നിന്നോ ഓഹരി സമാഹരിക്കാമെന്നും റിസർവ് ബാങ്ക് നിർദ്ദേശിച്ചുണ്ട്.

# അഗ്രി ക്ലിനിക്ക് & അഗ്രി ബിസിനസ് സെന്റർ പദ്ധതിക്ക് ഭരണാനുമതി

**കാസർകോട്** : കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിലുള്ള കൃഷി- സഹകരണ വകുപ്പ് അഗ്രി ക്ലിനിക്ക് ആന്റ് അഗ്രി ബിസിനസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള പുതിയ പദ്ധതിക്ക് ഭരണാനുമതി നൽകി. ഇതിന്നായി 2013-14 സാമ്പത്തികവർഷത്തേക്ക് 21 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സംയുക്തമായി തുടങ്ങാവുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ജില്ലാ സഹകരണ ബാങ്ക് ഹെഡാഫീസിൽ ലഭിക്കും.

**മാനേജിംഗ് എഡിറ്റർ**
എ അനിൽ കുമാർ
ജനറൽ മാനേജർ

**ചീഫ് എഡിറ്റർ**
സി ബാലകൃഷ്ണൻ
ഡെപ്യൂട്ടി ജനറൽ മാനേജർ

**എഡിറ്റർ**
സി സഹദ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ അനീഷ്

# ആതിര ഫാർമേഴ്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തു




*കാസർകോട് ജില്ലാ സഹകരണ ബാങ്ക് പള്ളിക്കര ശാഖയുടെ കീഴിൽ രൂപീകരിച്ച ആതിര ഫാർമേഴ്സ് ക്ലബ്ബ് ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർ ബാലകൃഷ്ണൻ തച്ചങ്ങാട് ഉദ്ഘാടനം ചെയ്യുന്നു.*




*ആതിര ഫാർമേഴ്സ് ക്ലബ്ബ് ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന സെമിനാറിൽ വെറ്റിനറി സർജൻ ഡോ. സ്മിത ആർ പിള്ള ക്ലാസെടുക്കുന്നു.*

**പള്ളിക്കര:** കാസർകോട് ജില്ലാ സഹകരണ ബാങ്ക് പള്ളിക്കര ശാഖയുടെ കീഴിൽ നബാർഡിന്റെ സഹായത്തോടെ രൂപീകരിച്ച ആതിര ഫാർമേഴ്സ് ക്ലബ്ബിന്റെ ഔപചാരികമായ ഉദ്ഘാടനം ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർ ബാലകൃഷ്ണൻ തച്ചങ്ങാട് നിർവ്വഹിച്ചു. കൂട്ടക്കനി ജി.യു.പി.എസിൽ നടന്ന പരിപാടിയിൽ ഡയറക്ടർ വി കെ ബാലകൃഷ്ണൻ അധ്യക്ഷതവഹിച്ചു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ പദ്ധതി വിശദീകരണം നടത്തി. എം.എച്ച് ഹാരിസ് പ്രസംഗിച്ചു.

തുടർന്ന് നടന്ന സെമിനാറിൽ കോഴി വളർത്തൽ ശാസ്ത്രീയ പരിപാലനമുറകൾ എന്ന വിഷയത്തിൽ തച്ചങ്ങാട് വെറ്റിനറി സർജൻ ഡോ. സ്മിത ആർ പിള്ള ക്ലാസെടുത്തു.

ആതിര ഫാർമേഴ്സ് ക്ലബ്ബ് സെക്രട്ടറി രാമകൃഷ്ണൻ കൂട്ടക്കനി സ്വാഗതവും ജില്ലാ സഹകരണ ബാങ്ക് പള്ളിക്കര ശാഖാ മാനേജർ പി ശശിധരൻ നന്ദിയും പറഞ്ഞു.

# കിസാൻ ക്രെഡിറ്റ് കാർഡ് സെമിനാർ നടത്തി



*ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ പെർളയിൽ സംഘടിപ്പിച്ച സെമിനാർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.*

**പെർള:** കാസർകോട് ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ്) ആഭിമുഖ്യത്തിൽ പെർള സർവ്വീസ് സഹകരണ ബാങ്കിന്റെ സഹകരണത്തോടെ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ സവിശേഷതകൾ സംബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചു.

പെർള സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ നടന്ന സെമിനാർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് ഡയറക്ടറും പെർള സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റുമായ എൻ കൃഷ്ണകുമാർ അധ്യക്ഷതവഹിച്ചു. സെക്രട്ടറി കെ ശങ്കരനാരായണ ഭട്ട് സ്വാഗതവും ബി.പി ഷെനി നന്ദിയും പറഞ്ഞു. സെമിനാറിൽ പെർള സർവ്വീസ് സഹകരണ ബാങ്കിന്റെ ഡയറക്ടർമാരും ജീവനക്കാരും പങ്കെടുത്തു.

# ജില്ലാ സഹകരണബാങ്കിൽ വിശേഷാൽ പൊതുയോഗം ചേർന്നു

**കാസർകോട്:** കാസർകോട് ജില്ലാ സഹകരണബാങ്കിന്റെ വിശേഷാൽ പൊതുയോഗം ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്നു. പൊതുയോഗത്തിൽ പ്രസിഡന്റ് പി സി രാമൻ അധ്യക്ഷതവഹിച്ചു. ജില്ലാ സഹകരണ ബാങ്കിന്റെ അംഗീകൃത മൂലധന പരിധി ഉയർത്തുന്നതുമായി ബന്ധപ്പെട്ട നിയമ ഭേദഗതിയ്ക്ക് പൊതുയോഗം അംഗീകാരം നൽകി. ജനറൽ മാനേജർ എ അനിൽകുമാർ സ്വാഗതവും വൈസ് പ്രസിഡന്റ് ബാലകൃഷ്ണ വോർക്കുഡ്ലു നന്ദിയും പറഞ്ഞു.



*ജില്ലാ സഹകരണബാങ്കിന്റെ വിശേഷാൽ പൊതുയോഗത്തിൽ പ്രസിഡന്റ് പി സി രാമൻ പ്രസംഗിക്കുന്നു.*

## പി കമലാക്ഷിക്ക് ഊഷ്മളമായ യാത്രയയപ്പ്

**കാസർകോട്:** 24 വർഷത്തെ സേവനത്തിന് ശേഷം മെയ് 31 ന് സർവ്വീസിൽ നിന്നും വിരമിച്ച കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് ചീമേനി ശാഖാ മാനേജർ പി കമലാക്ഷിക്ക് ജില്ലാ സഹകരണ ബാങ്ക് ഭരണസമിതിയുടേയും ജീവനക്കാരുടെയും നേതൃത്വത്തിൽ ഊഷ്മളമായ യാത്രയയപ്പ് നൽകി.

ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ ഡയറക്ടർ ഇ അബൂബക്കർ അധ്യക്ഷതവഹിച്ചു. ബാങ്കിന്റെയും ജീവനക്കാരുടേയും വക ഉപഹാരങ്ങൾ വൈസ് പ്രസിഡന്റ് ബാലകൃഷ്ണ വോർക്കുഡ്ലു നൽകി. ഡെപ്യൂട്ടി ജനറൽ മാനേജർ എം കൃഷ്ണൻ, റീജ്യണൽ മാനേജർമാരായ എ ഗോപാലൻ, എം പത്മാക്ഷൻ, മാനേജർമാരായ പി ദാമോദരൻ, കെ ശ്രീധരൻ, സീനിയർ അക്കൗണ്ടന്റ് ബി പ്രസന്നൻ, ജൂനിയർ അക്കൗണ്ടന്റ് എ പ്രകാശ്റാവു എന്നിവർ പ്രസംഗിച്ചു. പി കമലാക്ഷി മറുപടി പ്രസംഗം നടത്തി. ജനറൽ മാനേജർ എ അനിൽകുമാർ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് നന്ദിയും പറഞ്ഞു.



**പി കമലാക്ഷി**



*സർവ്വീസിൽ നിന്നും വിരമിച്ച മാനേജർ പി കമലാക്ഷിക്ക് ജില്ലാ സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് ബാലകൃഷ്ണ വോർക്കുഡ്ലു ഉപഹാരം നൽകുന്നു.*

## ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സ്കീം പുനസ്ഥാപിച്ചു

**കാസർകോട്:** കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിലുള്ള അനിമൽ ഹസ്ബെന്ററി,ഡയറിയിങ് ആന്റ് ഫിഷറീസ് വകുപ്പ മുഖാന്തിരം നടപ്പിലാക്കിയിരുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സ്കീം (DEDS) പുനസ്ഥാപിച്ചു.അടുത്ത കാലത്ത് പദ്ധതി താൽക്കാലികമായി നിർത്തിവെച്ചിരുന്നു. രണ്ട് മുതൽ 10 പശുക്കൾവരെയുള്ള ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടി പരമാവധി 5 ലക്ഷം രൂപവരെ വായ്പ ലഭിക്കുന്ന പദ്ധതിയിൽ വായ്പാമുതലിൽ 25 ശതമാനം സബ്സിഡി ലഭിക്കും. ജില്ലാ സഹകരണ ബാങ്കിൽ നിന്ന് ജെ.എൽ.ജി ഗ്രൂപ്പുകൾക്കും സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്ന് വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും പദ്ധതിക്കായി വായ്പ ലഭിക്കും. പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെ ഹെഡ്ഓഫീസിൽ നിന്നും ലഭിക്കും.

**Edited, Printed & Published by General Manager, Kasaragod District Co-operative Bank Ltd. (Free Circulation only)**
**Phone- 04994-220118, 230118.**